പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2371 | 18.02.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി. മമ്മൂട്ടി** | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | വേനൽക്കാലമായതോടെ ദാഹശമനത്തിന് കച്ചവടക്കാർ വില്ക്കുന്ന ജ്യൂസ്, സർബത്ത് തുടങ്ങിയവയിൽ, ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ അടങ്ങിയിട്ടുണ്ടോയെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധിക്കാറുണ്ടോ; | എ) | പരിശോധിക്കാറുണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഈ സീസണിൽ ഇതേവരെ എത്ര സാമ്പിളുകൾ എടുത്തു പരിശോധിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ; | ബി) | ഈ സീസണിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തുടനീളം നടത്തിയിട്ടുള്ള പരിശോധനകളിൽ ഇതുമായി ബന്ധപ്പെട്ട് 29 സാമ്പിളുകൾ നാളിതുവരെ ശേഖരിച്ച് ലാബുകളിലേക്ക് പരിശോധനയ്ക്ക് അയച്ചിട്ടു. ഇതിൽ രണ്ണെം മലിനജലം ഉപയോഗിച്ച് ജ്യൂസ്, സർബത്ത് എന്നിവയുണ്ടാക്കുന്നതുമായി ബന്ധപ്പെട്ടതാണ്. പാലക്കാട് ജില്ലയിൽ 2 സാമ്പിളുകൾ നിശ്ചിത നിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | ജ്യൂസ്, സർബത്ത് എന്നിവയുണ്ടാക്കാൻ മലിനജലം ഉപയോഗിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ മലിനജലം ഉപയോഗിച്ച് ജ്യൂസ്, സർബത്ത് എന്നിവയുണ്ടാകുന്നതുമായി ബന്ധപ്പെട്ട് രണ്ട് കേസ്സുകൾ നിലവിലുണ്ട്. |
| ഡി) | ഇക്കാര്യത്തിൽ ഭക്ഷ്യസുരക്ഷാവകുപ്പ്, ആരോഗ്യവകുപ്പ് എന്നിവ കാര്യക്ഷമമായ പരിശോധനയും, തുടർനടപടികളും സ്വീകരിക്കുമോ? | ഡി) | ജ്യൂസ് നിർമ്മാണ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്റ്റാളുകൾ കൃത്യമായ ഇടവേളകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. സംസ്ഥാനത്ത് ജ്യൂസ് കടകൾ നടത്തുന്നവർ പാലിക്കേണ്ട നിബന്ധനകൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. പരിശോധനയിൽ ടി മാനദണ്ഡങ്ങൾ പാലിക്കാതെ ജ്യൂസ് കടകൾ പ്രവർത്തിപ്പിക്കുന്നവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം അനുസരിച്ച് നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ